പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 58 27.06.2011ൽ മറുപടിയ്ക്ക്

**കസ്റ്റഡിമരണവും പോലീസിലെ ക്രിമിനൽവൽക്കരണവും**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ വി. പി. സജീന്ദ്രൻ : | ശ്രീ ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലത്ത് എത്ര കസ്റ്റഡി മരണം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) മുൻസർക്കാരിന്റെ കാലത്ത് 12 കസ്റ്റഡി മരണം സംഭവിച്ചിട്ടുണ്ട്. |
| ബി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | ബി) കസ്റ്റഡി മരണങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 25 പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| സി) പോലീസിൽ ക്രിമിനലുകൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) പോലീസിൽ ക്രിമിനലുകൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ഡി) ക്രിമിനൽ പശ്ചാത്തലമുള്ളവർക്ക് പോലീസിൽ ലഭിച്ച നിയമനം പുനഃപരിശോധിക്കുമോ ;<br><br>ഇ) ഇതിനായി പുതിയ സംവിധാനം ഏർപ്പെടുത്തുമോ ? | (ഡി) ആന്റ് (ഇ)<br><br>പോലീസ് വകുപ്പിൽ നിയമനത്തിന് തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളിൽ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട ഓരോരുത്തരുടേയും സ്വഭാവവും പൂർവ്വകാലവും കേസിന്റെ സ്വഭാവവും വിശദമായി പരിശോധിച്ച ശേഷമാണ് തീരുമാനമെടുത്തു വരുന്നത്. കോടതി മുൻപാകെ കേസ് നിലവിലുള്ള ചിലരുടെ കാര്യത്തിൽ നിയമനത്തിനുള്ള അവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ നിബന്ധനകൾക്ക് വിധേയമായും നിയമനത്തിന് അനുമതി നൽകി വരുന്നുണ്ട്. |

കോടതി പ്രതികൂലമാകുകയാണെങ്കിൽ പരിശീലനത്തിന് സർക്കാർ ചിലവാക്കിയ മുഴുവൻ തുകയും തിരിച്ചടയ്ക്കാൻ ഉദ്യോഗാർത്ഥി തയ്യാറാകണമെന്ന കരാറും കോടതി മുൻപാകെയുള്ള ക്രിമിനൽ കേസ്സിലെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ നിയമനം ക്രമവത്കരിക്കാൻ പാടുള്ളൂ എന്നിവയുമാണ് പ്രസ്തുത നിബന്ധനകൾ.

സെക്ഷൻ ഓഫീസർ